നം.എൻ.ഇ.പി(3) 75318/04

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി: 25.04.2014

# സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - 'സമ്പൂർണ്ണ' മുഖേന വിവരശേഖരണം നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: 1) 18.08.2011 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ.
2) 30.12.2013-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/75318/2013/ഡിപിഐ നമ്പർ സർക്കുലർ

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും 'സമ്പൂർണ' നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന രണ്ട് പ്രകാരം ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ ഉൾപ്പെടുത്തുന്നതിന് 2013 ജനുവരി 30 വരെ സമയം അനുവദിച്ചിരുന്നു. 2014-15 അധ്യയന വർഷം മുതൽ വിവിധ സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതും ഐ.ഇ.ഡി വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ ദത്തങ്ങൾ ശേഖരിക്കുന്നതും സമ്പൂർണ മുഖേനയാണ്. ആയതിനാൽ സമ്പൂർണയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിശദാംശങ്ങൾ അടിയന്തിരമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതാണ്.

- നിലവിലുള്ള (2014-15 അധ്യയനവർഷം സ്കൂളിൽ പഠിക്കുന്ന) വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ (യു.ഐ.ഡി/ഇ.ഐ.ഡി ഉൾപ്പെടെ) സമ്പൂർണയിൽ ചേർക്കാത്ത സ്കൂളുകളുണ്ടെങ്കിൽ എത്രയും പെട്ടെന്ന് അത് ഉൾപ്പെടുത്തേണ്ടതാണ്.

- സമ്പൂർണയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ വിദ്യാർത്ഥിയേയും സംബന്ധിച്ച വിവരങ്ങൾ കൃത്യമാണെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

- വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശനം, ക്ലാസ് പ്രമോഷൻ, റ്റി.സി ലഭ്യമാക്കൽ എന്നിവ നിർബന്ധമായും ഇനിമുതൽ സമ്പൂർണവഴിയാണ് ചെയ്യേണ്ടത്.

- 'സമ്പൂർണ'യിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംശയങ്ങളുണ്ടെങ്കിൽ ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

- ഓരോ സ്കൂളിലെയും മുഴുവൻ വിദ്യാർത്ഥികൾ, അധ്യാപകർ, സ്കൂൾ സംബന്ധിച്ച അടിസ്ഥാന വിവരം തുടങ്ങിയവ സമ്പൂർണയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പ്രഥമാധ്യാപകർ 2014 മെയ് 30-ന് മുമ്പ് സത്യവാങ്മൂലം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതും തുടർന്നുണ്ടാകുന്ന മാറ്റങ്ങൾ യഥാസമയം സമ്പൂർണയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

- സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ അവലോകന യോഗത്തിൽ പ്രത്യേക അജണ്ടയായി ചേർത്ത് സമ്പൂർണയുടെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

- സമയബന്ധിതമായി സമ്പൂർണ്ണയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് അതത് വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ദത്തങ്ങൾ സ്കൂളുകളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്നതിനു പകരം സമ്പൂർണയിൽ ഉൾപ്പെടുത്തുന്നത് ഉപയോഗിക്കുന്നതാണ്. ആയതിനാൽ ഓരോ സ്കൂളിന്റെയും വിശദാംശങ്ങളിൽ പിശക് കണ്ടെത്തിയാൽ ആയതിന്റെ പൂർണ ഉത്തരവാദിത്വം അതത് സ്കൂൾ ഹെഡ്മാസ്റ്റർക്കായിരിക്കും .

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
എല്ലാ ഡി.ഇ.ഒ, എ.ഇ.ഒമാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ /എ.ഇ.ഒ/ജില്ലാ കോർഡിനേറ്റർ മുഖേന)